സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.10935/09/ലാന്റ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
21/12/2021

## സർക്കുലർ

വിഷയം:- ദേവസ്വം ഭൂമികളുടെ റിക്കാർഡ് പരിപാലനം സംബന്ധിച്ച്.

ദേവസ്വം ഭൂമികളുടെ മൗലികമായ റിക്കാർഡിന്റെ അഭാവം മൂലം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥാവകാശം തെളിയിക്കാനായി ബഹു:നീതിന്യായ കോടതികളിലും അപ്പലേറ്റ് അതോറിറ്റികളിലും ഹാജരാക്കാൻ ശക്തമായ രേഖകൾ ഇല്ലാതെ പോകുന്നത് ഭൂസംരക്ഷണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. ആയത് നിമിത്തം ഗണ്യമായ നഷ്ടം സംഭവിക്കാൻ ഇടയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങളുടെ/ ദേവസ്വങ്ങളുടെ ഭൂമി സംബന്ധിച്ച വ്യക്തമായ വിവരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ലാന്റ് രജിസ്റ്റർ ആണ് ദേവസ്വം ഭൂമിയുടെ ഉടമസ്ഥത സൂചിപ്പിക്കുന്ന ആധികാരിക രേഖ. പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കേണ്ടത് ദേവസ്വം ആഫീസുകളിലാണ്.

ദേവസ്വം വക വസ്തുക്കളിന്മേൽ അനധികൃത കയ്യേറ്റങ്ങൾ ഉണ്ടോ എന്ന് തിട്ടപ്പെടുത്തുന്നത് റവന്യൂ ആധികാരിക രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, മുൻ സർവ്വെ രേഖകൾ, സ്കെച്ചുകൾ, റീസർവ്വെ രേഖകൾ, ബി.റ്റി രജിസ്റ്റർ, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ദേവസ്വം ലാന്റ് രജിസ്റ്റർ എന്നിവ വ്യക്തമായി പരിശോധിച്ചാണ്.

മേൽ സൂചിപ്പിച്ച ലാന്റ് രജിസ്റ്റർ ഏതെങ്കിലും ദേവസ്വത്തിൽ ലഭ്യമല്ലായെങ്കിൽ സബ്ഗ്രൂപ്പ് ആഫീസർമാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ ആയത് റവന്യൂ/ലാന്റ് റെക്കോർഡ് വകുപ്പുകളിൽ നിന്നും ലഭ്യമാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

അതോടൊപ്പം തന്നെ ദേവസ്വം ഭൂമിയുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്റർ പകർപ്പ് ബന്ധപ്പെട്ട വില്ലേജ് ആഫീസിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. വില്ലേജ് ആഫീസിൽ നിന്നും ലഭ്യമാകാത്ത രേഖകൾ സെൻട്രൽ സർവ്വെ ആഫീസിൽ നിന്നോ, സെൻട്രൽ ആർക്കൈവ്സിൽ നിന്നോ അപേക്ഷ നൽകി വാങ്ങേണ്ടതാണ്. ദേവസ്വം ഭൂമി സംബന്ധിച്ച ബി.റ്റി രജിസ്റ്റർ, സ്കെച്ച് എന്നിവയുടെ പകർപ്പുകളും മറ്റും ബന്ധപ്പെട്ട വില്ലേജ് ആഫീസുകളിൽ നിന്നും ശേഖരിച്ചു സൂക്ഷിക്കേണ്ടതാണ്. ആയതിന് വേണ്ടി വരുന്ന തുക രസീതുംപടി ചെലവുകണക്ക് അടിസ്ഥാനത്തിൽ ചെലവെഴുതി നൽകേണ്ടതാണ്.

ദേവസ്വം ഭൂമി സംബന്ധിച്ച റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് ഒരു കാരണവശാലും അലംഭാവം കാണിക്കാൻ പാടില്ല. ദേവസ്വം ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി പരിപാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ട താണ്.

ദേവസ്വങ്ങളിലെ ലാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**ദേവസ്വം കമ്മീഷണർ**

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
2. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. ഇ.ഡി.പി സെക്ഷൻ
4. സെക്ഷൻ ഫയൽ

**AR.21/12**